21

# ഇടിമുഴക്കത്തിലുള്ള കുളമ്പടികൾ

## (6:1- 8)

വെളിപ്പാട് പുസ്തകത്തിലെ വാക്കുകളും ഭാവനകളും പാശ്ചാത്യലോകത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു. ഉദാഹരണത്തിന്, "അപോകാലിപ്സ്" എന്ന വാക്ക്, എടുക്കുക. പ്രചാരത്തിലിരിക്കുന്ന നിർവ്വചനം, "വലിയ അല്ലെങ്കിൽ മുഴുവനായ നാശം" എന്നാണ്,[1] വർത്തമാന പത്രങ്ങൾ ആ വാക്ക് അവരുടെ പത്രങ്ങളിലെ തലവാചകങ്ങൾക്ക് ഉപയോഗിക്കുന്നു. ലോകാവസാനത്തെ പ്രവചിക്കുന്ന നാശത്തിന്റെ പ്രവാചകന്മാരും "അപോകാലിപ്സ്" എന്ന വാക്ക് ഉപയോഗിക്കുന്നുണ്ട്.

പലപ്പോഴും പറഞ്ഞു കേൾക്കാറുള്ള മറ്റൊരു വാക്കാണ് "അർമ്മഗദോൻ," അത് "ദാരുണമായ പോരാട്ടത്തെ" അല്ലെങ്കിൽ "നന്മയും തിന്മയും തമ്മിലുള്ള അന്തിമ പോരാട്ടത്തെ" കാണിക്കുന്നതിന് ഉപയോഗിക്കുന്നു. അണ്വായുധ യുദ്ധ തന്ത്രങ്ങളെ കുറിച്ചുള്ള ഒരു പുസ്തകത്തിന്റെ പേർ തന്നെ *വിസ്സാർഡ്സ് ഓഫ് അർമ്മഗദോൻ* എന്നാണ്. ഇനി വെളിപ്പാടിൽനിന്നുമെടുക്കുന്ന മറ്റൊരു വാക്കാണ് "മില്ലെനിയം" അഥവാ "ആയിരാമാണ്ട്." ഈ വാക്ക് ഇരുപത്തി-ഒന്നാം നൂറ്റാണ്ടിൽ പൊതുവായി ഉപയോഗിക്കുവാൻ തുടങ്ങിയിരിക്കുന്നു. ആ വാക്ക് പലപ്പോഴും കുടിലമായ അതിസ്വരമായിട്ടാണ് ഉപയോഗിച്ചുവരുന്നത്.

ഏറ്റവും സുപരിചിതമായ അലങ്കാരങ്ങളിൽ ഒന്നാണ് വെളിപ്പാട് 6 ലെ നാല് കുതിരകളെ കുറിച്ചുള്ളത്. സ്വയം നശിപ്പിക്കുന്ന ലോകത്തിന്റെ പ്രവണതയെ മുന്നറിയിക്കുന്നതിന് ബില്ലിഗ്രഹാം എഴുതിയപ്പോൾ, അതിനെ അദ്ദേഹം *കുളമ്പടികൾ സമീപിക്കുന്നു* എന്നാണ് പറഞ്ഞത്: *അപോകാലിപ്സിനെ നാല് കുതിരക്കാർ.* വിൻസെന്റേ ബ്ലാസ്കോ-ഇബനേസസിന്റെ പ്രസിദ്ധമായ യുദ്ധത്തിനെതിരായ പുസ്തകത്തിന്റെ (ലേറ്റർ മൂവി) പേർ *അപോകാലി പ്സിലെ നാല് കുതിരക്കാർ* എന്നായിരുന്നു. ആ നാല് കുതിരക്കാരന്മാരെ തെറ്റിദ്ധരിച്ചതുകൊണ്ടുള്ള രചനകളാണ് അവ, എന്നാൽ വെളിപ്പാടിലെ ആ ഭാവനകൾ ആധുനിക ലോകത്തോട് ഇന്നും സംസാരിക്കുന്നു എന്ന വസ്തുത നൽകുന്നു. ബ്രൂസ് മെറ്റ്സ്ജെർ പറഞ്ഞു,

> വെളിപ്പാടിലെ ചില അദ്ധ്യായങ്ങൾ നമ്മോട് ഈ കാലത്തിലും നേരിട്ട് സംസാരിക്കുന്നവയാണ് ... പുസ്തകങ്ങളിൽ, വർത്തമാന പത്രങ്ങളിൽ,, മാസികകളിലെ ലേഖനങ്ങളിൽ, റേഡിയോ പ്രക്ഷേപണങ്ങളിൽ, അപോകാലിപ്സിലെ നാല് കുതിരകളെ കുറിച്ച് നാം വായിക്കുകയും കേൾക്കുകയും ചെയ്യുന്നത്, അവ ഇന്നും ഭൂമിയിൽ സഞ്ചരിക്കുന്നു എന്ന് കാണിക്കുകയാണ്.[2]

ഈ പാഠത്തിൽ, യോഹന്നാന്റെ കാലത്തെ നാല് കുതിരക്കാരെ അർത്ഥമാക്കുവാൻ സാധ്യതയുള്ളതെല്ലാം നമുക്ക് കണ്ടെത്തുവാൻ ശ്രമിക്കാം. അടുത്ത പാഠത്തിൽ, വായനക്കാരായ നമുക്ക്, അവയുടെ പ്രാധാന്യം എന്തെ

ങ്കിലും ഉണ്ടെങ്കിൽ അതും പരിശോധിക്കാം.

## പ്രതീക്ഷ

സിംഹാസനത്തിലിരിക്കുന്നവന്റെ കയ്യിൽനിന്ന് കുഞ്ഞാട് പുസ്തകം വാങ്ങുന്നതാണ് അദ്ധ്യായം 5 ലെ മുഖ്യകാര്യം (5:7). 6:1–ൽ യോഹന്നാൻ പറഞ്ഞു, "കുഞ്ഞാട് മുദ്രകളിൽ ഒന്ന് പൊട്ടിച്ചപ്പോൾ, 'നീ വരിക' എന്ന് നാല് ജീവികളിൽ ഒന്ന്[3] ഇടിമുഴക്കം പോലെ പറയുന്നതു ഞാൻ കേട്ടു"[4]

ചുരുൾ തുറക്കുമ്പോൾ ഒന്നുകിൽ അവൻ വായിക്കും അല്ലെങ്കിൽ മറ്റാരെങ്കിലും അവന് വേണ്ടി വായിക്കുമെന്നാകാം യോഹന്നാൻ വിചാരിച്ചിരിക്കുക. വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നതിന് പകരം കുതിരകൾ ചാടി പറപ്പെടുന്നതാണ് കണ്ടത്. ചുരുൾ വാല്യത്തിലെ നിരവധി ചിത്രങ്ങൾക്ക് ജീവൻ ലഭിക്കുന്ന കാഴ്ച്ചയാണ് യോഹന്നാൻ തന്റെ ദർശനത്തിൽ[5] കണ്ടത്. ഞാൻ ബാലനായിരുന്നപ്പോൾ പ്രചാരത്തിലിരുന്ന ഒരു തരം പുസ്തകമാണ് എന്നെ ഇത് ഓർപ്പിക്കുന്നത്. ആ പുസ്തകങ്ങളുടെ പേജുകളിൽ ഓരോന്നിലും വലതുവശത്ത് മുകളിൽ കാർട്ടുൺ പരമ്പരകളുണ്ടായിരുന്നു. പേജുകൾ മറിക്കുമ്പോൾ, ആ ചിത്രങ്ങൾക്ക് ജീവൻ ലഭിക്കുമായിരുന്നു.

ഏതാണ്ട്, അന്നത്തെ യെഹൂദന്മാർക്കും ക്രിസ്ത്യാനികൾക്കും പരിചയമുണ്ടായിരുന്നതായിരുന്നു ആദ്യത്തെ നാല് മുദ്രകളുടെ അലങ്കാരം. കുതിരകൾ സാധാരണ യുദ്ധത്തെ ആണ് ഓർപ്പിക്കുന്നത്. "കുതിര യുദ്ധത്തിനുള്ള മൃഗം ആയിരുന്നു; കാള ഉഴുകുന്നതിനുള്ളത് ആയിരുന്നു; കഴുതകൾ, ചുമടു ചുമക്കുന്നതിനും ഉള്ളതായിരുന്നു, കുതിര യുദ്ധത്തിനും ആയിരുന്നു ഉപയോഗിച്ചിരുന്നത്."[6] പഴയനിയമത്തിൽ കുതിരകളുടെ എണ്ണത്തിലും നിറത്തിലും ചില പ്രാധാന്യമുണ്ടായിരുന്നു. ദൈവസേവനത്തിന് ഉപയോഗിച്ചിരുന്ന നാല് വിവിധ നിറത്തിലുള്ള കുതിരകളെ ഉപയോഗിച്ചിരുന്നതായി സെഖര്യാവ് 1:8–10 ഉം 6:1–7 ഉം പറയുന്നുണ്ട്. എങ്ങനെയായാലും, സെഖര്യാവിന്റെ പുസ്തകത്തിലെ കുതിരകളും, വെളിപ്പാട് 6 ലെ കുതിരകളും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ടായിരുന്നു.[7] അവസാന തരംതിരിക്കലിൽ, അപോകാലിപ്സിലെ നാല് കുതിരകളും പ്രത്യേകതയുള്ളവയായിരുന്നു.

## പ്രവൃത്തി!

### ജയം (6:1, 2)

ഒന്നാം മുദ്ര പൊട്ടിച്ചപ്പോൾ, യോഹന്നാൻ "ഒരു വെള്ളക്കുതിരയെ കണ്ടു, അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ല് ഉണ്ട്, അവന്ന് ഒരു കിരീടവും ലഭിച്ചു,[8] അവൻ ജയിക്കുന്നവനായും ജയിപ്പാനായും പറപ്പെട്ടു" (വാ. 2). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ഒന്നാമത്തെ കുതിരക്കാരൻ" എന്ന ചിത്രീകരണം നോക്കുക.)

ആ കുതിരക്കാരന്റെ കയ്യിൽ ഒരു വില്ലുണ്ട്, സൈന്യബലത്തെ സൂചിപ്പിക്കുന്നതാണ് അത് (സങ്കീർത്തനങ്ങൾ 46:9; യിരെമ്യാവ് 51:56; യെഹെസ്കേൽ 39:3, 9; ഹോശേയ 1:5). ഒന്നാമത്തെ മുദ്രയിലെ അലങ്കാരങ്ങൾ മിക്കതും പറയുന്നത്, ജയത്തെയാണ്: "പുരാതനകാലത്ത് ജയത്തെ സൂചിപ്പിക്കുന്നതാണ് വെള്ളക്കുതിര."[9] കുതിരക്കാരന്റെ കിരീടം വാഴ്ച്ചയുടെ കിരീടമാണ് (*ഡയാഡെമാ*), എന്നാൽ അത് വിജയത്തിന്റേയും കിരീടമാണ് (*സ്തെഫാനോസ്*).[10]

കൂടാതെ, *നൈക്* എന്ന വാക്കിന്റെ ക്രിയാരൂപമാണ്, "കോൺകറിങ്ങ്," "കോൺകർ" എന്നീ വാക്കുകൾ ("വിജയം").

ആ വിജയകരമായ കുതിരക്കാരനെ നമുക്ക് തിരിച്ചറിയുവാൻ കഴിയുമോ? നാലാമത്തെ കുതിരക്കാരനെ "മരണം" ആയി തിരിച്ചറിയിക്കുന്നത് (6:8) പറയുന്നത് ഓരോ കുതിരക്കാരനും പൊതുവായി പേരുണ്ടായിരുന്നു എന്നാണ്! അതങ്ങനെയാണെങ്കിൽ, നാം ചോദിക്കും, "ആർ അല്ലെങ്കിൽ എന്തായിരിക്കും വെള്ളക്കുതിരപ്പുറത്തിരിക്കുന്നവൻ?"[11]

വർഷങ്ങൾക്ക് മുൻപ്, ഞാൻ വെളിപ്പാട് പഠിപ്പിക്കുവാൻ തുടങ്ങിയപ്പോൾ, ആ കുതിരപ്പുറത്തിരിക്കുന്നവൻ യേശുവായിരുന്നു എന്ന് എനിക്ക് ഉറപ്പായിരുന്നു. എങ്ങനെയായാലും, അദ്ധ്യായം 19-ൽ യേശു വെള്ളക്കുതിരപ്പുറത്ത് പ്രത്യക്ഷനാകുന്നുണ്ട്. ആ വീക്ഷണം ശക്തവും ശരിയുമായിരിക്കാം,[12] എന്നാൽ കാലം കഴിഞ്ഞപ്പോൾ, അതേ ആശയം ഫ്രാങ്ക് പാക്ക് പ്രകടിപ്പിക്കയുണ്ടായി: "ഇവിടെ പറഞ്ഞിരിക്കുന്ന കുതിരപ്പുറത്തിരിക്കുന്നവനും ... 19:11-ൽ പറയുന്ന കുതിരപ്പുറത്തിരുക്കുന്നവനും തമ്മിലുള്ള ഏക സാമ്യം കുതിരയുടെ നിറമാണ്"[13] ചില വ്യത്യാസങ്ങൾ ശ്രദ്ധിക്കുക:

| ഒന്നാം കുതിരക്കാരൻ (വെളി. 6:2) | യേശു (വെളി. 19:11-16) |
|---|---|
| ഒരു കിരീടം | പല കിരീടങ്ങൾ (വാ. 12) |
| വിജയകിരീടം (സ്തെഫാനോസ്) | വാഴുന്ന കിരീടങ്ങൾ (ഡയാഡെംസ്) (വാ. 12) |
| ഒരു വില്ലുണ്ട് | ഒരു വാളുണ്ട് (വാ. 15) |
| അതിനെ തുടർന്ന് മൂന്നു കുതിരപ്പുറത്തിരിക്കുന്നവർ | അതിനെ തുടർന്ന് സ്വർഗീയ സൈന്യം (വാ. 14) |
| പേർ പറഞ്ഞില്ല | പേർ പറഞ്ഞു (വാ. 11-13, 16) |
| വസ്ത്രം ധരിക്കുന്നതു പറഞ്ഞിട്ടില്ല | രക്തം മുക്കിയ വസ്ത്രം ധരിച്ചിരിക്കുന്നു (വാ. 13, 16) |
| കീഴ്പ്പെടുത്തുന്നു | നീതി നടപ്പാക്കുന്നു (വാ. 11, 15) |

ഒന്നാമത്തെ കുതിരപ്പുറത്തിരിക്കുന്നവനുമായി മറ്റു മൂന്നു പേരെയും തിരിച്ചറിയണമെന്ന് സന്ദർഭം വ്യക്തമാക്കുന്നതായി തേന്നുന്നു. ഭൂമിയിലേക്ക് അഴിച്ച് വിടേണ്ടതായ നാശ ശക്തിയാണത്. (മറ്റു മുദ്രകളൊന്നും ആ നാല് ജീവികൾ പരിചയപ്പെടുത്തിയില്ല.) നാല് കുതിരപ്പുറത്തിരിക്കുന്നവരും യോജിച്ചാണ് പ്രവർത്തിക്കുന്നത്, ഓരോരുത്തനും മറ്റുള്ളവരെ പിന്തുണക്കുകയായിരുന്നു. കൂടാതെ, "നാല്" എന്നത് "പ്രപഞ്ചസംബന്ധിയായ സംഖ്യയാണ്"[14] - ഈ ഭൂമിയോട് ബന്ധപ്പെട്ട സംഖ്യ - അതായത് ആ നാല് കുതിരക്കാരും ഭൂമിയെ നശിപ്പിക്കുന്നതിൽ പങ്കു ചേരുന്നു എന്നതാണ്.[15]

അദ്ധ്യായം 6 ലെ വെള്ളക്കുതിരപ്പുറത്തിരിക്കുന്നവനും അദ്ധ്യായം 19 ലെ വെള്ളക്കുതിരപ്പുറത്തിരുക്കുന്നവനും (ക്രിസ്തു) തമ്മിൽ വ്യത്യാസമുള്ളതായി ഞാൻ കാണുന്നു.[16] അദ്ധ്യായം 6 ലെ കുതിരക്കാരൻ വിജയി[17] ആയി *പ്രത്യക്ഷ*

*പ്പെടുന്നു*, എന്നാൽ *വാസ്തവത്തിൽ* വിജയിക്കുന്നത് ക്രിസ്തുവായിരിക്കും.[18]

ഞാൻ പറയുന്നത് ശരിയാണെങ്കിൽ, ഒന്നാമത്തെ കുതിരപ്പുറത്തിരിക്കുന്ന വനെ എന്താണ് വിളിക്കേണ്ടത്? "അത്യാഗ്രഹം"[19] അല്ലെങ്കിൽ "സാമ്രാജ്യത്വം" എന്നു വിളിച്ചാലെങ്ങനെയുണ്ട്? ഒരു കൂട്ടം മറ്റൊരു കൂട്ടത്തിനുള്ളതിനെ മോഹിച്ച് പലപ്പോഴും ആഗോളതലത്തിൽ കൈപ്പുണ്ടായിരിക്കുകയാണ്. അത്യാഗ്രഹം ക്രമേണ എതിരാകുകയും തൽഫലമായി പോരാട്ടത്തിലെത്തു കയും ചെയ്യും. കലഹത്തിന്റെ ഉറവിടത്തെ കുറിച്ച് യാക്കൊബ് സംസാരിച്ച പ്പോൾ - അത് വൈദേശികമാകട്ടെ, ദേശീയമാകട്ടെ, അല്ലെങ്കിൽ വ്യക്തിപ രമാകട്ടെ - അവൻ എഴുതി, "നിങ്ങളിൽ ശണ്ഠയും കലഹവും എവിടെനി ന്ന്? നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന ഭോഗേഛകളിൽനിന്നല്ലയോ?" (യാക്കൊബ് 4:1; കെജെവി). ഒന്നാമത്തെ കുതിരക്കാരൻ അങ്ങനെ രണ്ടാമത്തെ കുതിരക്കാരന് രംഗമൊരുക്കി.

### കുഴപ്പം (6:3, 4)

> അവൻ രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ, "വരിക" എന്ന് രണ്ടാം ജീവി പറയു ന്നത് ഞാൻ കേട്ടു. അപ്പോൾ ചുവന്നതായ[20] വേറൊരു കുതിര പുറപ്പെട്ടു. അതിന്റെ പുറത്ത് ഇരിക്കുന്നവന്ന് മനുഷ്യർ അന്യോന്യം കൊല്ലുവാൻ[21] തക്കവണ്ണം ഭൂമിയിൽനിന്നു സമാധാനം എടുത്തുകളയേണ്ടതിന്ന് അധി കാരം ലഭിച്ചു. വലിയ ഒരു വാളും[22] അവന്ന് കിട്ടി (വാ. 3, 4). (ഈ പു സ്തകത്തിൽ അവസാനം വരുന്ന "രണ്ടാം കുതിരപ്പുറത്തിരിക്കുന്നവൻ" എന്ന ചിത്രീകരണം നോക്കുക.)

വെള്ളക്കുതിരപ്പുറത്തിരിക്കുന്നവനെ തിരിച്ചറിയിക്കുന്നതിൽ നാം വിയോ ജിച്ചേക്കാം, എന്നാൽ രണ്ടാമത്തെ കുതിരപ്പുറത്തിരിക്കുന്നവനെ തിരിച്ചറിയി ക്കുന്നതിൽ നമുക്ക് കുഴപ്പമുണ്ടാകയില്ല: രക്ത-ച്ചുവപ്പുള്ള കുതിരപ്പുറത്തായി രുന്നു അവൻ ഇരുന്നത്, അവൻ ഭൂമിയിൽനിന്നു സമാധാനം എടുത്തുകളയും, വ്യക്തിപരമായ ശത്രുതയില്ലാതെ തന്നെ ആളുകളെ അന്യോന്യം കൊല്ലിക്കും, റോമൻ സൈന്യത്തിന്റെ പ്രസിദ്ധവും മാരകവുമായ വാളിനെ ഓർപ്പിക്കുന്ന ഒരു വാളും അവന്റെ കയ്യിലുണ്ട്.

അത് ദേശങ്ങളെ മാരകമായി രക്തച്ചൊരിച്ചിൽ നടത്തി നശിപ്പിക്കുന്ന കുതിരക്കാരായിരുന്നു, അത് ഭവനങ്ങളെ ശൂന്യമാക്കി, അത് അമ്മമാരുടെ ഹൃദയങ്ങളെ ഭേദിക്കുന്നതായിരുന്നു, ആ *യുദ്ധം*,[23] ആയിരക്കണക്കിന് ആളു കളെ നശിപ്പിക്കുന്നതായിരുന്നു അത് - നിപരാധികളും കുഞ്ഞുങ്ങളുമടക്കം.

### പരീക്ഷണങ്ങൾ (6:5, 6)

യുദ്ധത്തിന്റെ അനന്തരഫലമായുണ്ടാകുന്ന ഒഴിച്ചുകൂടാനാകാത്ത ഒന്നാണ് സാമ്പത്തിക പരാധീനത.[24] അതുകൊണ്ട്, മൂന്നാമത്തെ കുതിരക്കാരനെ അയച്ചു:

> മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ, "വരിക" എന്ന് മൂന്നാം ജീവി പറയുന്നത് ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു കറുത്ത[25] കുതിരയെ കണ്ടു. അതി ന്മേൽ ഇരിക്കുന്നവൻ ഒരു തുലാസ് കയ്യിൽ പിടിച്ചിരുന്നു, "ഒരു പ ണത്തിന് ഒരിടങ്ങഴി കോതമ്പ്,[26] ഒരു പണത്തിന്[27] മുന്നിടങ്ങഴി യവം,

എന്നാൽ എണ്ണക്കും വീഞ്ഞിനും കേട് വരുത്തരുത് എന്ന് നാല് ജീവികളുടേയും നടുവിൽനിന്ന് ഒരു ശബ്ദം ഞാൻ കേട്ടു" (വാ. 5, 6) (ഈ പാഠത്തിന്റെ അവസാനം വരുന്ന "മൂന്നാം കുതിരക്കാരൻ" എന്ന ചിത്രീകരണം നോക്കുക.)

ഈ കുതിരക്കാരന്റെ കയ്യിൽ ഒരു കുതിരക്കാരനെ സംബന്ധിച്ച് അസാധാരണമായ ഉപകരണമായിരുന്നു പിടിച്ചിരുന്നത്: ഒന്നാമത്തെ കുതിരക്കാരന്റെ കയ്യിൽ വില്ലുണ്ടായിരുന്നു, രണ്ടാമത്തെ കുതിരക്കാരന്റെ കയ്യിൽ വാളുണ്ടായിരുന്നു, എന്നാൽ ഈ കുതിരക്കാരന്റെ കയ്യിൽ ഒരു തുലാസായിരുന്നു ഉണ്ടായിരുന്നത് – സ്പഷ്ടമായും മുകളിൽ പറഞ്ഞ ധാന്യങ്ങൾ തൂക്കുന്നതിനായിരുന്നു. ധാന്യം ഒരാൾക്ക് തൂക്കിക്കൊടുക്കുന്നത് സൂചിപ്പിക്കുന്നത് അതിന്റെ പരിമിതത്വത്തെയാണ് (ലേവ്യാപുസ്തകം 26:26; യെഹെസ്ക്കേൽ 4:16). ചുരുങ്ങിയത്, സാധാരണക്കാരന് പരിമിതമായി തൂക്കി വാങ്ങുവാനേ കഴിഞ്ഞിരുന്നുള്ളു – ആ പ്രസ്താവനയിൽ പറഞ്ഞതുപോലെ – "ഒരു പണത്തിന് ഒരിടങ്ങഴി കോതമ്പും, ഒരു പണത്തിന് മൂന്നിടങ്ങഴി യവവും."

ഒരു സാധാരണ ജോലിക്കാരന്റെ ഒരു ദിവസത്തെ വേതനമായിരുന്നു ഒരു പണം (മത്തായി 20:2 നോക്കുക), "ഒരു ശരാശരി വ്യക്തിക്ക് ഒരു ദിവസം കഷ്ടിച്ച് വിശപ്പടക്കുവാനുള്ളതു മാത്രമായിരുന്നു ഒരിടങ്ങഴി കോതമ്പ്."[28] അതുകൊണ്ട്, മുകളിൽ പറഞ്ഞ കുഴപ്പമുള്ള സമയത്ത്, ഒരാൾ ഒരു ദിവസം ജോലി ചെയ്താൽ, അയാളുടെ വിശപ്പടക്കുവാൻ മാത്രമെ ലഭിക്കുമായിരുന്നുള്ളു – അവന്റെ കുടുംബത്തിന് ഒന്നും അവശേഷിക്കയില്ല എന്നർത്ഥം. കുടുംബത്തെ പുലർത്തുവാൻ ബാധ്യസ്ഥരായവർ യവമാണ് വാങ്ങേണ്ടിയിരുന്നത്. യവം പൊതുവിൽ മൃഗങ്ങൾക്ക് കൊടുക്കുന്ന ധാന്യമായിട്ടായിരുന്നു കണക്കാക്കിയിരുന്നത്, അല്ലെങ്കിൽ മൃഗങ്ങളെപോലെ ജീവിക്കുവാൻ നിർബന്ധിതരായവർ ഭക്ഷിക്കുന്നത്[29] – എന്നാൽ അതിന് വിലക്കുറവായിരുന്നു: ഒരു പണത്തിന് മൂന്നിടങ്ങഴി.

പുരാതന എഴുത്തുകാർ പറയുന്നതനുസരിച്ച്, മുകളിൽ പറഞ്ഞ കോതമ്പിന്റേയും യവത്തിന്റേയും വില സാധാരണ വിലയേക്കാൾ പതിനാറിരട്ടി വിലക്കൂടുതലായിരുന്നു. ആ ചിത്രം പടർന്നുകയറിയ വിലക്കയറ്റത്തെയാണ് കാണിക്കുന്നത്.

മറ്റു വസ്തുക്കളായ, ഒലിവെണ്ണ വീഞ്ഞ് തുടങ്ങിയവക്കോ? സാധാരണക്കാർക്ക് താങ്ങാവുന്നതായിരുന്നില്ല[30] – "എണ്ണക്കും വീഞ്ഞിനും കേടു വരുത്തരുത്"[31] എന്ന കർശനമായ കൽപനക്ക് ഒരുപക്ഷെ പ്രാധാന്യമുണ്ടാകും.

മൂന്നാമത്തെ കുതിരക്കാരൻ ഭൂമിയിൽ ഇടിമുഴക്കിയപ്പോൾ, ഒരു സാധാരണ ജോലിക്കാരൻ സൂര്യോദയം തൊട്ട് സൂര്യാസ്തമയം വരെ ജോലി ചെയ്താൽ വസ്ത്രത്തിനോ വീടിനോ അല്ലെങ്കിൽ മറ്റാവശ്യങ്ങൾക്കൊന്നും തികയാതെ കുടുംബത്തിന്റെ ആഹാരത്തിന് മാത്രമെ തികയു എന്ന സ്ഥിതിയുണ്ടായി! ആ ദുസ്ഥിതി മനസിലാകുവാൻ എല്ലാ സാധനങ്ങളുടേയും വില 1,600 ശതമാനം ഉയരുകയും നിങ്ങളുടെ ശമ്പളം അതേ നിലയിൽ തന്നെ ആയിരിക്കുകയും ചെയ്യുന്നത് ഊഹിക്കുക.

**അനർത്ഥം (6:7, 8)**

യുദ്ധാനന്തരജീവിതത്തെ കുറിച്ചുള്ള കാര്യങ്ങൾ നാം അവസാനിപ്പിച്ചില്ല. നാലാം കുതിരക്കാരൻ വരുന്നേയുള്ളു, മഞ്ഞു നിറമുള്ള കുതിരപ്പുറത്തിരി

ക്കുന്ന ഭയാനകൻ:

> നാലാം മുദ്ര പൊട്ടിച്ചപ്പോൾ, "വരിക" എന്ന് നാലാം ജീവി പറയുന്നത് ഞാൻ കേട്ടു. അപ്പോൾ ഞാൻ മഞ്ഞു നിറമുള്ളോരു കുതിരയെ കണ്ടു. അതിന്മേൽ ഇരിക്കുന്നവന്ന് മരണം എന്ന് പേർ; പാതാളം അവനെ പിന്തുടർന്നു; അവർക്ക് വാൾകൊണ്ടും, ക്ഷാമം കൊണ്ടും, മഹാ വ്യാധി കൊണ്ടും, ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നുകളവാൻ[32] ഭൂമിയുടെ കാലാംശത്തിന്മേൽ അധികാരം ലഭിച്ചു (വാ. 7, 8). (ഈ പാഠത്തിന്റെ അവസാനം വരുന്ന "നാലാം കുതിരക്കാരൻ" എന്നതിന്റെ ചിത്രീകരണം നോക്കുക.)

നാലാമത്തെ കുതിരക്കാരന്റെ കുതിരയുടെ നിറം ഭയാനകമായിരുന്നു. "ആശേൻ" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് ("മഞ്ഞുനിറം"; കെജെവി) "പച്ച" എന്ന വാക്കിനുള്ള ഗ്രീക്ക് വാക്ക് *ക്ലോറോസ്* എന്നാണ്. ആ കുതിരയുടെ നിറം "മങ്ങിയ പച്ചയായിരുന്നു." (എൻ ആർ എസ്വി) മരിച്ച് വളരെ നാളുകളായി വിവർണ്ണമായ ജഡത്തിന്റെ നിറം പോലെയാണ് അത്.

ആ വിളറിയ നിറമുള്ള കുതിരപ്പുറത്തിരിക്കുന്ന കുതിരയുടെ പേർ മരണം എന്നായിരുന്നു. മറ്റു മൂന്നു കുതിരക്കാർ വിട്ടുകളഞ്ഞു കൊയ്ത്തു ശേഖരമായിരുന്നു അവന്റെ ജോലി. മരണത്തിന് തൊട്ടു പുറകിൽ, ശരീരം വിട്ടുപോയ ആത്മാക്കളുടെ[33] വാസസ്ഥാനമായ പാതാളമാണ്. പാതാളമാണ് "അഞ്ചാമത്തെ കുതിരക്കാരൻ" എന്ന് ധരിക്കരുത്. വെളിപ്പാട്പുസ്തകത്തിൽ എല്ലായ്പോഴും മരണത്തോടുകൂടിയാണ് പാതാളം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് (1:18; 20:13, 14). രണ്ടും ഒരുമിച്ചാണ് പ്രവർത്തിക്കുന്നത്, മരണം ശരീരത്തെയാണ് അവകാശപ്പെടുന്നതെങ്കിൽ, പാതാളം ആത്മാവിനെയാണ് അവകാശപ്പെടുന്നത്.[34]

തലയോട്ടിയുടെ മുഖവുമായി തലമറച്ച രൂപമാണ് പലപ്പോഴും മരണം നമ്മെ ഓർപ്പിക്കുന്നത്. പാതാളം തുറന്ന ശവക്കുഴിയാണ് അല്ലെങ്കിൽ ശവംതീനിജന്തു "തന്റെ കൈകൾകൊണ്ട് വലിച്ചിഴക്കുന്ന" ചിത്രമാണ് നൽകുന്നത്.[35] ഞാൻ പാതാളത്തെ മരണത്തിന്റെ പിന്നിലുള്ള മഞ്ഞുകുതിരക്കിരയായവരെല്ലാം മഞ്ഞു പുകപോലെ ഉയർന്ന്, ഇരുണ്ട കറുത്ത മേഘമായിട്ടാണ് കാണുന്നത്. രണ്ടും നമ്മെ ഭീതിപ്പെടുത്തുന്നതാണ്.

ആദ്യ മൂന്നു കുതിരക്കാരും, വിട്ടുകളഞ്ഞ കൊയ്ത്തു നടത്തുന്നതിനു പുറമെ. മരണത്തോടും പാതാളത്തോടും പറഞ്ഞത്, "വാളു[36] കൊണ്ടും, ക്ഷാമം കൊണ്ടും, മഹാവ്യാധികൊണ്ടും,[37] ഭൂമിയിലെ വന്യമൃഗങ്ങളാലും[38] കൊല്ലുവാനായിരുന്നു." യുദ്ധം തീർന്നാലും, അതിന്റെ അനന്തരഫലങ്ങൾ ഉടനെ അവസാനിക്കുന്നില്ല. യുദ്ധത്തിന് - ഇരയായ ഒരു ദേശത്ത്, വെടിയുണ്ടകളാൽ മരിച്ചവരേക്കാളധികം പേർ, രോഗം, പട്ടിണി, അക്രമം എന്നിവയാൽ മരിക്കേണ്ടി വരും.

യെരുശലേമിനെ അവളുടെ പാപത്തിന് ദൈവം ശിക്ഷിച്ചതുപോലെ, മരണത്തിന്റെ നാല് ഏജന്റുകളെ ആയിരിക്കാം എന്നത് പ്രാധാന്യമർഹിക്കുന്നതാകാം. യെഹെസ്ക്കേൽ 14-ൽ ദൈവം തന്റെ പ്രവാചകനോട് പറഞ്ഞു, "വാൾകൊണ്ടും, ക്ഷാമം കൊണ്ടും, വന്യമൃഗങ്ങളാലും, ബാധകളാലും യെരുശലേമിനെ ഞാൻ ശിക്ഷിക്കും!" (വാ. 21). പാപത്തിന് അതിന്റേതായ അനന്ത

രഫലങ്ങളുണ്ട്. “ഒരു മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും” (ഗലാത്യർ 6:7). അത് ഒരു ദേശത്തെ സംബന്ധിച്ചും വാസ്തവമാണ്.

**പ്രായോഗികത?**

തീർച്ചയായും, ആ നാല് കുതിരക്കാരും കുഴപ്പക്കാരായിരുന്നു, എന്നാൽ ദൈവപദ്ധതിയിൽ ആ കുതിരക്കാരുടെ പങ്കിനെ നമുക്ക് കൂടുതൽ പ്രത്യേകമായി എടുത്തുകാണിക്കുവാൻ കഴിയുമോ?

നാല് മുദ്രകളുടെ പ്രാഥമികമായ (പ്രത്യേകമായിട്ടല്ലെങ്കിൽ) ഉദ്ദേശം റോമാസാമ്രാജ്യത്തെ ശിക്ഷിക്കുന്നത് വെളിപ്പെടുത്തുകയായിരുന്നു എന്ന് ചിലർ വിശ്വസിക്കുന്നു. തിന്മയെ ശിക്ഷിക്കുന്നത് മാറ്റി നിർത്തുവാൻ സാധ്യമല്ലാതിരിക്കുന്നതുകൊണ്ട്,[39] അത് ദർശനത്തിന്റെ പ്രാഥമികമായ ഉദ്ദേശമായിരുന്നോ എന്ന് ഞാൻ സംശയിക്കുന്നു: (1) റോമാക്കാരെയും, ക്രിസ്ത്യാനികളേയും അടക്കം കുതിരക്കാർ പാഞ്ഞുവരുമ്പോൾ, നേരിട്ട എല്ലാവരേയും ബാധിക്കുന്നതായിരുന്നു വെളിപ്പെടുത്തിയ ദുരന്തങ്ങൾ.[40] (2) അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ, രക്തസാക്ഷികളായ വിശുദ്ധന്മാർ നിലവിളിച്ചു, “കർത്താവേ, ... നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതിരിക്കും ...?” (6:10) എന്നു ചോദിച്ച ഉടനെ കുതിരക്കാർ പുറപ്പെട്ടു. അവർ ആ കുതിരക്കാർ പോയപ്പോൾ മരിച്ചവരായിരിക്കുമെന്ന് സ്വാഭാവികമായും കരുതാം.[41] (3) ആറാം മുദ്രക്ക് ശേഷമാണ് രക്തസാക്ഷികളെ വിവരിച്ചിരിക്കുന്നത് (6:12–17), അതിൽ ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിനെ കുറിച്ചുള്ള വിചാരം വരുന്നുണ്ട് - അത് അന്തർലീനമാക്കുന്നത് മുമ്പിലത്തെ മുദ്രകൾ മറ്റെന്തോ ആണ് സൂചിപ്പിക്കുന്നതെന്നാണ്.

അവയെല്ലാം പരിഗണിക്കുമ്പോൾ, പൊതുവായ ഒരു വ്യാഖ്യാനം ആവശ്യമായി വരുന്നു-ഒന്നാം - നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ പ്രത്യേകമായ പ്രശ്നം നേരിടുമ്പോൾ, ലോകമെങ്ങും വിപത്തുണ്ടാകുന്നു എന്ന വ്യാഖ്യാനമാണ് ഉയരുന്നത്. എന്റെ ഈ പ്രകടനം പൂർണ്ണതയിൽനിന്ന് വിദൂരമായി തോന്നിയേക്കാം, പക്ഷെ ഞാൻ അത് പങ്കിടട്ടെ:

> മനുഷ്യന്റെ അത്യാഗ്രഹത്തിന്റെ ഫലമായി (ഒന്നാം കുതിരക്കാരൻ) പരീക്ഷണങ്ങളും കുഴപ്പങ്ങളും (രണ്ടും മൂന്നും കുതിരക്കാർ) ഭൂമിയിൽ അഴിച്ചുവിടുന്നു. പാപലോകത്തിൽ കഷ്ടതയോടൊപ്പം അനർത്ഥങ്ങളും അടിക്കടി ഉണ്ടാകുന്നു (നാലാം കുതിരക്കാരൻ).
>
> കുഴപ്പങ്ങളും, പരീക്ഷണങ്ങളും, അനർത്ഥങ്ങളും എല്ലാആളുകളെയും ബാധിക്കയുണ്ടായി, എന്നാൽ *ക്രിസ്ത്യാനികൾക്ക്* ഇരട്ടി പങ്കായിരുന്നു ലഭിച്ചത്. ക്രിസ്തുവിന്റെ അനുയായികൾക്കു മാത്രമാണ് സാധാരണ ജീവിതത്തിലെ ഉച്ചനീചത്വങ്ങൾ അനുഭവപ്പെട്ടത്, കൂടാതെ അവർ വിശ്വാസം നിമിത്തം തെറ്റിദ്ധരിക്കപ്പെടുകയും ഉപദ്രവിക്കപ്പെടുകയുമുണ്ടായി.

ഒരു ചിത്രീകരണമായി “ക്രിസ്ത്യാനികൾക്ക് ഇരട്ടി പങ്ക് ലഭിക്കുന്നത്” പരിഗണിക്കുകയാണെങ്കിൽ, മൂന്നാം കുതിരക്കാരൻ വരുമ്പോൾ സാമ്പത്തിക ക്ലേശമാണുണ്ടാകുന്നത്: “ക്രിസ്ത്യാനികൾക്കെതിരായി സമൂഹം ഉപയോഗിച്ചിരുന്ന പ്രാഥമിക ആയുധങ്ങൾ, ചന്തസ്ഥലത്തേക്കുള്ള പ്രവേശനം

നിഷേധിക്കുകയും, പ്രതിരോധിക്കുന്നവരുടെ വിശ്വാസ ത്യാഗത്തിനായി സാമ്പത്തികഭാരം ചെലുത്തുക എന്നിവയായിരുന്നു."[42]

"തന്റെ ദാസ-ന്മാർക്ക്" യേശുവിന്റെ സന്ദേശം ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായിരുന്നു (1:1). 6:1-8-ൽ പറയുന്ന നാല് കുതിരക്കാർ *തങ്ങളെ* ചവിട്ടി അരക്കേണ്ടതിന് *തങ്ങളുടെ* നേർക്കാണ് ഓടിവരുന്നതെന്ന് യോഹന്നാനും മറ്റു ക്രിസ്ത്യാനികളും അറിയുവാൻ യേശു ആഗ്രഹിച്ചുകാണുമെന്നാണ് ഞാൻ കരുതുന്നത്.

യോഹന്നാന് പ്രത്യക്ഷമായ ആ രംഗം മനസിൽ കാണുവാൻ ശ്രമിക്കുക. കൊഴുത്തു തടിച്ച കുതിരയെയല്ല, മറിച്ച് അണിയണിയായി പോകുന്ന നിരവധി യുദ്ധ-ക്കുതിരകളെ മനസിലേക്ക് കൊണ്ടു വരിക, "കഴുത്തുകൾ ഉയർത്തി പിടിച്ച് തിളങ്ങുന്ന മൂക്കുകളോടെ, പാദങ്ങൾ കൊണ്ട് മാന്തി കുതിരകൾ പായുകയാണ്."[43] കൂടാതെ, "കുതിരക്കാർ ചരിത്രകാലയളവിനെയല്ല പ്രതിനിധീകരിക്കുന്നത്"[44] എന്നോർക്കുക. കാലക്രമത്തിൽ അവ പ്രത്യക്ഷമാകാതെ, താത്വികമായ ക്രമത്തിലായിരുന്നു പ്രത്യക്ഷമായത്.[45]

പിന്നെ, കുതിരകൾ *ഒന്നിനൊന്ന് ചേർന്നാണ്* പായുന്നത് എന്ന് ഊഹിക്കുക, അവ നിങ്ങളെ ഉന്നം വെച്ചാണ് പാഞ്ഞടുക്കുന്നത്,[46] നിങ്ങളുടെ ശരീരം പിച്ചിചീന്തി, ശരീരത്തിൽനിന്ന് ജീവനെടുക്കുന്നതിന് മുൻപ് അവയുടെ മൂക്കിൽനിന്നുയരുന്ന ചുടുനിശ്വാസവും ജ്വലിക്കുന്ന കണ്ണുകളും ശ്രദ്ധിക്കുക.

ഏൾ പാമർ പറഞ്ഞു, "അപോകാലിപ്സിലെ നാലു കുതിരകളെയും അതിന്മേൽ ഇരിക്കുന്ന കുതിരക്കാരെയും പോലെ ഭയപ്പെടുത്തുന്ന മറ്റൊന്നില്ല."[47] വരുന്നതായ മുദ്രകളെ നിങ്ങൾ അനുമോദിക്കുവാൻ നിങ്ങൾക്ക് ആ ഭയം *തോന്നണം.* നിങ്ങളെ ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ സ്ഥാനത്ത് സങ്കൽപിച്ച്, അവർ അനുഭവിച്ചതായ അപകടങ്ങളെ മനസിലാക്കുക.

## ഉപസംഹാരം

അടുത്ത പാഠത്തിൽ, നാല് കുതിരക്കാരെ കുറിച്ചുള്ള നമ്മുടെ പഠനം തുടരുകയും, അവ ഇന്നും നമ്മുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്നും നമുക്ക് ഗ്രഹിക്കാം. എങ്ങനെയായാലും, നമ്മുടെ ഈ പഠനം അവസാനിപ്പിക്കുന്നതിന് മുൻപ്, നാം ചോദിക്കണം, "ദൈവം എന്തിനാണ് അത്തരം ഭയാനക ദർശനം മുഖാന്തരം തന്റെ സന്ദേശം ക്രിസ്ത്യാനികൾക്ക് നൽകിയത്?" മുദ്ര പൊട്ടിക്കുവാൻ ആരംഭിച്ചപ്പോൾ, യോഹന്നാൻ ഒരുപക്ഷെ സമാധാനസന്ദേശമായിരിക്കാം പ്രതീക്ഷിച്ചത്; പകരം അവനെ ഓർപ്പിച്ചത് പ്രശ്നങ്ങളായിരുന്നു. എന്താണ് കാരണം? നമുക്ക് ദൈവത്തിന്റെ മനസ് അറിയില്ല, എന്നാൽ ആ നാല് കുതിരക്കാരെ അയക്കുവാനുള്ള ചില സാധ്യതകൾ ഞാൻ പറയട്ടെ.

(1) *വരുവാനുള്ളതിനായി ക്രിസ്ത്യാനികളെ ഒരുക്കുവാൻ.* ഒരു പഴഞ്ചൊല്ലിനോട് ഞാൻ യോജിക്കുന്നു "മുന്നറിയിപ്പ് മുന്നായുധമാണ്."

(2) *ദൈവമാണ് അപ്പോഴും നിയന്ത്രിക്കുന്നത് എന്ന് ഊന്നൽ നൽകുവാൻ.* എട്ടു വാക്യങ്ങൾ നോക്കി അതിൽ പറഞ്ഞിരിക്കുന്ന "വരിക," "ലഭിച്ചു [അല്ലെങ്കിൽ കിട്ടി]'' എന്നു തുടങ്ങിയ പ്രയോഗങ്ങൾ അടിവരയിടുക. ആ കുതിരക്കാർ ദൈവം അവരോട് പറഞ്ഞതല്ലാതെ മറ്റൊന്നും ചെയ്തില്ല.

(3) ക്രിസ്ത്യാനികളുടെ പ്രശ്നങ്ങൾ ദൈവം ചുരുക്കുമെന്ന് ഊന്നി പറയുവാൻ. നമുക്ക് കഴിയുന്നതിനപ്പുറമായി പരീക്ഷിക്കുവാൻ ദൈവം അനുവദിക്കയില്ല എന്ന് ഒന്ന് കൊരിന്ത്യർ 10:13 ഊന്നി പറഞ്ഞിരിക്കു

ന്നു. അതേ ആശയമാണ് 6:8–ൽ ആലങ്കാരികമായി പറയുന്നത്, അവിടെ പറഞ്ഞിരിക്കുന്നത്, ഭൂമിയിലെ "കാലാംശത്തിൽ"[48] മാത്രമാണ് മരണത്തിനും പാതാളത്തിനും അധികാരമുണ്ടായിരുന്നത് എന്നാണ്. നമ്മെ ഞെരുക്കുന്നവരെ ദൈവം പരിമിതപ്പെടുത്തും.

(4) "നന്മ" എന്നോ "തിന്മ" എന്നോ *തോന്നിയാൽ പോലും, സംഭവിക്കുന്നതിലെല്ലാം ദൈവം പ്രവർത്തിക്കുന്നുവെന്ന് നമ്മെ പഠിപ്പിക്കുവാൻ.* 6:1–8 ലെ പ്രധാനപ്പെട്ട പാഠങ്ങളിൽ ഒന്നാണിത്. ദൈവം തന്റെ ഉദ്ദേശം നിവർത്തിക്കുകയായിരുന്നു. അടുത്തതിലും പിന്നീട് വരുന്ന പാഠങ്ങളിലും ഈ സത്യം നാം കൂടുതലായി പഠിക്കും. നമ്മുടെ പഠനത്തിൽ നിറഞ്ഞു നിൽക്കുന്ന സത്യം തീർച്ചയായും ഇതാണ്. താൻ എന്തു ചെയ്യുന്നുവെന്ന് ദൈവത്തിന് നന്നായി അറിയാം! അവനിൽ ആശ്രയിക്കുവാൻ പഠിക്കുക എന്നതാണ് നമ്മുടെ വെല്ലുവിളി.[49]


---

**കുറിപ്പുകൾ**

[1]ഈ പാഠത്തിലെ ഇംഗ്ലീഷ് വാക്കുകളുടെ നിർവ്വചനം ഞാൻ എടുത്തിരിക്കുന്നത് *അമേരിക്കൻ ഹെറിറ്റേജ് എലെക്ട്രോണിക് ഡിക്ഷ്ണറി*, 3 ഡ് എഡി., (1992) യിൽനിന്നാണ്. ഡിക്ഷ്ണറികൾ പലപ്പോഴും പ്രചാരത്തിലിരിക്കുന്ന നിർവ്വചനങ്ങളാണ് നൽകുന്നത്, അത് ബൈബിളിലുള്ളതാകണമെന്നില്ല. [2]ബ്രൂസ് എം. മെറ്റ്സ്ജെർ, *ബ്രേക്കിങ്ങ് ദ കോഡ്: അണ്ടർസ്റ്റാൻഡിങ്ങ് ദ ബുക്ക് ഓഫ് റെവെലേഷൻ* (നാഷ്വിലേ: അബിങ്ങ്ഡൺ പ്രസ്, 1993), 59. [3]മറ്റു ജീവികളെ തിരിച്ചറിയിച്ചിരിക്കുന്നത് "രണ്ടാമത്തേത്" (4:3) എന്നും "മൂന്നാമത്തേത്" (4:5) എന്നും "നാലാമത്തേത്" (4:7) എന്നും പറഞ്ഞിരിക്കുന്നതുകൊണ്ട് ഇത് "ഒന്നാമത്തേതും" സിംഹത്തെ പോലെയുള്ളതും തന്നെ (4:7). (നാലിന്റേയും വിവരണങ്ങൾക്ക് 4:7 നോക്കുക.) [4]ചില പുരാതന കയ്യെഴുത്തുപ്രതികളിൽ "വന്നു കാൺക" എന്നാണ് (കെജെവി നോക്കുക) യോഹന്നാനെ സംബോധന ചെയ്തു എന്നാണത് സൂചിപ്പിക്കുന്നത്. കയ്യെഴുത്തുപ്രതികളിൽ മൊത്തത്തിൽ "വരിക" എന്നാണ്, അത് ഒരുപക്ഷെ കുതിരക്കാർക്കുള്ള കല്പനയാകാം. [5]ഈ വാചകം ബില്ലിഗ്രഹാമിന്റെ, *അപ്രോച്ചിങ്ങ് ഹൂഫ്ബീറ്റ്സ്: ദ ഫോർ ഹോഴ്സ്മെൻ ഓഫ് ദ അപോകാലിപ്സിൽ നിന്നെടുത്തതാണ്* (ന്യുയോർക്ക്: ഏവൺ ബുക്സ്, 1985), 71. [6]യൂജീൻ എച്ച്. പീറ്റേഴ്സൺ, *റിവേഴ്സ്ഡ് തണ്ടർ* (സാൻഫ്രാൻസിസ്കോ: ഹാർപർ കോളിൻസ് പബ്ലിഷേഴ്സ്, 1988), 74. [7]സെഖര്യവിന്റെ പുസ്തകത്തിലെ കുതിരകൾ രഥങ്ങളായിരുന്നു വലിച്ചിരുന്നത്, എന്നാൽ വെളിപ്പാട് 6 ലെ കുതിരകൾ കുതിരക്കാരെയാണ് വഹിച്ചിരുന്നത്. സെഖര്യാവിലെ കുതിരകൾ ചില വിവരങ്ങളാണ് കൊണ്ടുവന്നതെങ്കിൽ, വെളിപ്പാടിലെ കുതിരകൾ നാശമാണ് കൊണ്ടുവന്നത്. മൂന്നാമത്തെ വ്യത്യാസം നിറത്തിലായിരുന്നു: വെളിപ്പാടിൽ, നിറങ്ങൾ ബന്ധിപ്പിച്ചിരിക്കുന്നത് വിവിധ കുതിരക്കാർ നടത്തുവാനിരിക്കുന്ന വിവിധ നാശത്തെയാണ് കാണിക്കുന്നത്. [8]വാക്യം 2 പർത്ഥരുടെ വില്ലുകളും കിരീടങ്ങളുമായുള്ള കുതിരകളെയാണ് ഓർപ്പിക്കുന്നത് (*വെളിപ്പാട്, 1* ലെ "റോമിന്റെ എതിരാളി: പർത്ഥർ" എന്ന ലേഖനം നോക്കുക.) റോമിന്. പർത്ഥ്യരുടെ കയ്യാൽ കഷ്ടതയേൽക്കേണ്ടി വരുമെന്നാണ് ഈ അലങ്കാരം വ്യക്തമാക്കുന്നതെന്നാണ് ചിലർ വിശ്വസിക്കുന്നത്. മറ്റുള്ളവർ വിശ്വസിക്കുന്നത്, കീഴ്പ്പെടുത്തുവാൻ കഴിവുള്ള – റോം, അല്ലെങ്കിൽ പർത്ഥർ, അതുമല്ലെങ്കിൽ കീഴ്പ്പെടുത്തുവാൻ ശക്തിയുള്ള *മറ്റേതെങ്കിലും* ദേശമാകാം. [9]ഫ്രാങ്ക് പാക്ക്, *റെവെലേഷൻ*, പാർട്ട്, 1 (ആസ്റ്റിൻ ടെക്സ്.: ആർബി. സ്വീറ്റ് കമ്പനി., 1965), 64. കൂടാതെ, ജെയിംസ് എം. എഫോർഡ്, റെവെലേഷൻ ഫോർ ടുഡേ (നാഷ്വിലേ: അബിങ്ങ്ഡൺ പ്രസ്,

1989), 70. [10]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "ധനികമായിരുന്ന ദരിദ്രസഭ" എന്ന പാഠത്തിലെ കിരീടങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ നോക്കുക.

[11]വെള്ളക്കുതിരപ്പുറത്തിരിക്കുന്നവനെ തിരിച്ചറിയുന്നതിന് രണ്ട് സാധ്യതകൾ ഞാൻ ഈ പാഠത്തിൽ അവതരിപ്പിക്കയുണ്ടായി - ഒന്നുകിൽ യേശു അല്ലെങ്കിൽ കീഴടക്കുന്ന അലങ്കാരം/സാമ്രാജ്യത്വം - കാരണം അത് നിയമപരമായ സാധ്യത കളാണ്. മറ്റു നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഉദാഹരണത്തിന്, ഈ കുതിരക്കാരെ "തടർചരിത്ര സമീപനക്കാർ" ഇതിനെ ചരിത്രത്തിലെ ഒരു പ്രത്യേക കഥാപാത്രമായി കാണുന്നു. (ഈ സമീപനത്തിന്റെ ബലഹീനത അറിയുവാൻ, *വെളിപ്പാട്, 1* എന്ന പു സ്തകത്തിലെ "നന്നായി തുടങ്ങുന്നത് പകുതി ചെയ്തതുപോലെയാണ്" എന്ന പാഠം നോക്കുക.) "ഭാവികാല" സമീപനം സ്വീകരിക്കുന്നവർ (ആയിരാമാണ്ടിനു മുമ്പുള്ള വാഴ്ച്ചക്കാർ) ആ കുതിരക്കാരനെ "എതിർക്രിസ്തുവായിട്ടാണ്" തിരിച്ചറിയുന്നത് (അ വർ വിചാരിക്കുന്നത് അത് ഒരു പ്രത്യേക വ്യക്തിയായിട്ടാണ്). എന്നാൽ വേദഭാഗം അങ്ങനെ പറയുന്നില്ല എന്നതാണ് വസ്തുത. ("ഭാവികാല" സമീപനത്തിന്റെ ബലഹീ നത കാണുവാൻ *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "നന്നായി തുടങ്ങുന്നത് പകുതി ചെയ്തതാണ്" എന്ന പാഠം നോക്കുക) ഒന്നാം കുതിരക്കാരനെ (യേശു അല്ലാതെ) ചരിത്രപരമായി മറ്റൊരു വ്യക്തിയായി തിരിച്ചറിയുന്നത് അപോകാലിപ്സ് ഭാഷക്ക് യോജിച്ചതല്ല. [12]ഈ സ്ഥാനത്തിന് ശക്തമായ പിന്തുണ വില്യം ഹെന്റിക്സന്റെ *മോർ ദാൻ കോൺകറേഴ്സ്* എന്ന പുസ്തകം നൽകുന്നുണ്ട് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 113-17. [13]പാക്ക്, 64. [14]*വെളിപ്പാട്*, 1 എന്ന പുസ്തക ത്തിലെ "ഇതാ, സർപ്പം ഇവിടെ" എന്ന പാഠത്തിലെ "നാല്" എന്ന ആലങ്കാരിക സംഖ്യയുടെ അർത്ഥം ചർച്ച ചെയ്തതു നോക്കുക. [15]വെള്ളസിംഹാസനത്തിലിരിക്കു ന്നവൻ ക്രിസ്തുവല്ല എന്നു പറയുന്ന മറ്റു വാദഗതികളും നൽകിയിട്ടുണ്ട്. ഉദാഹര ണത്തിന്, കുഞ്ഞാടിന് (ക്രിസ്തു) മുദ്രപൊട്ടിച്ച ഉടനെ വെള്ളക്കുതിരപ്പുറത്തു കയറി സഞ്ചരിക്കുക അസംഭവ്യമായി തോന്നും. [16]അദ്ധ്യായം 19-ൽ വെള്ളക്കുതിരപ്പുറത്ത് ക്രിസ്തു പ്രത്യക്ഷനായപ്പോൾ, യോഹന്നാൻ "ഇതാ" (വാ. 11) എന്ന വാക്ക് ഉപയോ ഗിച്ചതിൽനിന്ന് അവന് അതിശയവും ആവേശവും ഉണ്ടായി എന്നാണ് സൂചന. യേശു ആവർത്തിച്ച് പ്രത്യക്ഷനാകുകയായിരുന്നുവെങ്കിൽ അവന് അതിശയവും ആവേ ശവും ഉണ്ടാകേണ്ടതില്ലല്ലൊ. [17]ദുഷ്ട ശക്തിയിന്മേലുള്ള വിജയത്തെ വിവരിക്കുവാൻ വെളിപ്പാട് മടിക്കുന്നില്ല (ഉദാഹരണത്തിന്, 13:7 നോക്കുക), അതു ചുരുങ്ങിയ കാല ജീവിത വിജയമായിരുന്നു എന്നത് വാസ്തവമാണ്, എങ്കിലും വിജയം വിജയം തന്നെയാണ്. [18]എന്റെ വീക്ഷണം ഞാൻ പ റഞ്ഞതുകൊണ്ട്, ഒന്നാമത്തെ കുതിരക്കാരൻ യേശുവായി രുന്നോ അല്ലയോ എന്നതിനെ സംബന്ധിച്ച വസ്തുത ആപേ ക്ഷികമാണ്, രണ്ട് വീക്ഷണക്കാർക്കും തങ്ങളുടെ വീക്ഷണത്തെ ന്യായീകരിക്കുവാൻ കാരണങ്ങളുണ്ടാകാം. ഏത് വീക്ഷണം സ്വീകരിച്ചാലും അടിസ്ഥാനപരമായ തീർപ്പ് ഒന്നു തന്നെയായി രിക്കും: വിശ്വസ്തമായ ക്രിസ്തീയ ജീവിതം ബുദ്ധിമുട്ടുള്ളതാ ണെന്നാണ് നാല് കുതിരക്കാരുടെ സംഭവം പറയുന്നത്! രണ്ട് വീക്ഷണത്തിലുമുള്ള വ്യത്യാസം ഉള്ളത് ക്രിസ്ത്യാനികൾക്ക് കുഴപ്പം നേരിടുന്നത്, *ഒന്നാമത്തെ* കുതിരക്കാരൻ വരുമ്പോഴോ അതോ *രണ്ടാമത്തെ* കുതിരക്കാരൻ വരുമ്പോഴോ എന്നതാണ്. [19]"സാമ്രാജ്യത്വം" എന്ന വാക്ക് ഡിക്ഷ്ണറി നിർവ്വചിക്കുന്നത്, "ദേശങ്ങൾ മറ്റു ദേശങ്ങളെ കീഴ്പ്പെടുത്തി യോ അല്ലെങ്കിൽ


റോമൻ
വാളും ഉറയും

സാമ്പത്തികമോ രാഷ്ട്രീയമോ ആയ [സ്വാധീനം] മറ്റു ദേശങ്ങളിൽ ചെലുത്തുകയോ ചെയ്ത് അധികാരം വ്യാപിപ്പിക്കുന്ന നയം" എന്നാണ്. എങ്ങനെയായാലും, ഞാൻ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്, *മറ്റുള്ളവരെ നിയന്ത്രിക്കുന്നതായിട്ടാണ്*, അത് *വ്യക്തിയോ* അല്ലെങ്കിൽ *ദേശമോ* ആകാം. [20]"തീ" എന്നതിനുള്ള ഗ്രീക്ക് വാക്കാണ് "ചുവന്ന" എന്നതിനുപയോഗിച്ചത്. സിഇൗവിയിൽ "ഫിയറി റെഡ്" എന്നാണ്.

[21]"സ്ലെയിൻ" എന്ന വാക്കിന് 5:6, 9, 12-ൽ ഉപയോഗിച്ച ഗ്രീക്ക് വാക്ക് തന്നെയാണ് "സ്ലേ" എന്ന വാക്കിനും ഉപയോഗിച്ചിരിക്കുന്നത്. സിഇൗവി യിൽ "അങ്ങനെ ആളുകൾ തമ്മിൽ തമ്മിൽ കൊല്ലും എന്നാണ്." [22]"വാൾ" എന്നത് 1:16 ലും 2:12 ലും ഉപയാഗിച്ചിരിക്കുന്നതിൽനിന്നും വ്യത്യസ്തമായ ഗ്രീക്ക് വാക്കാണ് ഇവിടെ "വാൾ" എന്നതിന് ഉപയോഗിച്ചത്. ഇവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് *മചെയിരാ* എന്നതാണ്, റോമാ സൈന്യം അടുത്ത്-നിന്ന് യുദ്ധം ചെയ്യുന്നതിനുപയോഗിച്ചിരുന്ന വാൾ. ആ വാൾ വലുതായതുകൊണ്ടല്ല അതിനെ "വലിയത്" എന്ന് വിളിച്ചിരിക്കുന്നത്, (പോംപേയിയിൽനിന്നു കണ്ടെടുത്ത വാളിന് പത്തൊമ്പ-തര ഇഞ്ച് നീളവും രണ്ട് ഇഞ്ച് വീതിയുമേ ഉണ്ടായിരുന്നുള്ളു), മറിച്ച് അത് റോമിന്റെ വിജയത്തിന്റെ മുഖ്യ ഘടകമായിരുന്നു. ചിലർ വിചാരിച്ചതുപോലെ, *മചെയിരാ* പുരോഹിതന്മാർ യാഗത്തിന് ഉപയോഗിച്ചിരുന്ന വളഞ്ഞ കത്തി പോലെയുള്ള വാളായിരുന്നില്ല. [23]"തമ്മിൽ തമ്മിൽ" ആളുകൾ കൊല്ലുമെന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്, *ആഭ്യന്തര കലഹമാണെന്ന്* ചിലർ വിശ്വസിക്കുന്നു. സഹോദരൻ സഹോദരനെതിരായി കൊല്ലുന്ന ആഭ്യന്തര കലഹം വളരെ ഭീകരം തന്നെ. [24]യുദ്ധരാജ്യങ്ങളിൽ താമസിച്ചിട്ടുള്ളവർക്ക് അറിയാം ആ പ്രസ്താവനയുടെ യഥാർത്ഥ സ്ഥിതി. തീർച്ചയായും, മറ്റെവിടെയെങ്കിലും യുദ്ധം പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ ആ ദേശത്തെ സാമ്പത്തികാവസ്ഥ താൽക്കാലികമായി മെച്ചപ്പെടും (വിരലിലെണ്ണാവുന്ന ആളുകൾ പണക്കാരായി മാറും). എങ്ങനെയായാലും, ഒരു രാജ്യത്തെ ആഭ്യന്തര പ്രശ്നങ്ങൾ, അവിടത്തെ, സാമ്പത്തികമായ അവസ്ഥയെ, പരിശ്രമത്തെ, പണത്തെ എല്ലാം തിരിച്ചുവിടും - അവസാനം ദേശം കഷ്ടപ്പെടും. [25]ബൈബിളിൽ കറുപ്പ് പലപ്പോഴും ദുഃഖത്തെയും വിലാപത്തെയുമാണ് സൂചിപ്പിക്കുന്നത് (യെശ്ശയ്യാവ് 50:3; യിരെമ്യാവ് 4:28; 14:2; കെജെവി). ചിലപ്പോൾ ആഹാരക്കുറവുമായി ബന്ധപ്പെട്ടതാണ് ഈ വേദഭാഗത്തിലേതുപോലെ ആ നിറം (യിരെമ്യാവ് 14:1, 2; വിലാപങ്ങൾ 5:10; കെജെവി). [26]"ഒരിടങ്ങഴി" എന്നതു തർജിമ ചെയ്തിരിക്കുന്നത് ("അളവ്"; കെജെവി) ശരിയായി തർജിമ ചെയ്യുവാൻ പ്രയാസമാണ്. പുതിയനിയമകാലത്തെ അളവുകളല്ല, ഇന്നത്തെ അളവുകൾ, ആധുനിക അളവുകൾ ഓരോ - രാജ്യത്തും വ്യത്യസ്തമായിരിക്കും. (ഉദാഹരണത്തിന്, ബ്രിട്ടീഷ് സാമ്രാജ്യത്തിലെ അളവുകളല്ല അമേരിക്കയിലേത്.) നമ്മുടെ ഉദ്ദേശത്തിനായി, നിങ്ങളുടെ പ്രദേശത്തെ അളവ് "ഒരിടങ്ങഴി" യേക്കാൾ അല്പം കുറവായിരിക്കാം. [27]ഗ്രീക്ക് വാക്ക് ലിപി മാറ്റിയതാണ് "പണം" എന്നാണ്. കെജെവിയിൽ "പെനി" എന്നാണ്. എന്നാൽ എൻജെകെവിയിൽ "ദിനാറിയസ്" എന്നാണ്. [28]ഡബ്ലിയു. ഈ. വൈൻ, ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യൂടെസ്റ്റമെന്റ് വേർഡ്സ്, എഡി. ജോൺ ആർ. കോലെൻബെർജർ III വിത്ത് ജെയിംസ് & സ്വാൻസൺ (മിന്നെപ്പൊലിസ്, മിൻ.: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 724. ഉദ്ധരണി ഒരുപക്ഷെ പുരാതന അധികാരത്തിൽനിന്നാകാം, ഹെരോഡോട്ടസിൽനിന്നാകാം. [29]യേശു പുരുഷാരത്തെ പോഷിപ്പിച്ചപ്പോൾ, ഒരു ബാലന്റെ കയ്യിലെ അപ്പമായിരുന്നു ഉപയോഗിച്ചത്, അത് യവം കൊണ്ടുള്ളതായിരുന്നു (യോഹന്നാൻ 6:9). അത് ആ ബാലന്റെ വീടിന്റെ സാമ്പത്തികസ്ഥിതി വിവരിക്കുകയാണ്. [30]സ്പഷ്ടമായും അത് ആഹാരക്കുറവു നിമിത്തമുള്ള ക്ഷാമമായിരുന്നില്ല. വാങ്ങുവാൻ കഴിവുള്ളവർക്ക് ആഹാരപദാർത്ഥങ്ങൾ

ലഭ്യമായിരുന്നു.

[31]ആ കല്പന സൂചിപ്പിക്കുന്നത്, എണ്ണയും വീഞ്ഞും ധാരാളമുണ്ടായിരുന്നു, എന്നാൽ ധാന്യങ്ങൾ കുറവായിരുന്നു എന്നാണ് ചിലർ ധരിക്കുന്നത്. യൂജിൻ പ ീറ്റേഴ്സൺ ഇതിന്റെ സമാന്തരപ്രയോഗം നടത്തുന്നുണ്ട്: "ബട്ട് ആൾ ദ ഓയിൽ ആന്റ് വൈൻ യു വാൺഡ്" (*ദ മെസേജ്: ന്യൂടെസ്റ്റമെന്റ് വിത്ത് സാംസ് ആന്റ് പ്രോവെർബ്സ്* [കോളറാഡോ സ്പ്രിങ്ങ്സ്, കൊളോ.: നവപ്രസ് പബ്ലിഷിങ്ങ് ഗ്രൂപ ്, 1995,] 618). [32]വാക്യം 4-ൽ "സ്ലേ" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്കല്ല, വാക്യം 8-ൽ "കിൽ" എന്ന വാക്ക് തർജിമ ചെയ്യുവാൻ ഉപയോഗിച്ചത്. (കെജെവിയിൽ രണ്ടു വാക്യങ്ങളിലും "കിൽ" എന്നാണ്.) അവിടെ മരണം സൂചിപ്പിക്കുന്നത് ക്രിസ്ത്യാനികൾക്കെതിരായ ഉപദ്രങ്ങൾ നിമിത്തമല്ല, അത് മനുഷ്യവർഗത്തിൽ മൊത്തമായുണ്ടായതാണ്. [33]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "കർത്താവ് അറിയുന്നു" എന്ന പാഠത്തിലെ 1:18 ന്റെ കുറിപ്പ് നോക്കുക. [34]പാതാളത്തെ കുറിച്ച് കൂടുതൽ പിന്നീട് വരുന്ന പുസ്തകത്തിലുണ്ടാകും. [35]ജിം മെഗ്ഗിഗാൻ, *ദ ബുക്ക് ഓഫ് റെവെലേഷൻ*, ലുക്കിങ്ങ് ഉൻടു ദ ബൈബിൾ സീരീസ് (ലബ്ബക്ക്, ടെകസ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 102. [36]വാക്യം 4-ൽ "വാൾ" എന്നതിനുപയോഗിച്ച വാക്കല്ല, വാക്യം 8-ൽ "വാൾ" എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. (ഈ പാഠത്തിൽ മുൻപ് വന്ന കുറിപ്പുകൾ 22 ന്റെ പരാമർശം നോക്കുക.) ഈ വാൾ വലിയ യുദ്ധത്തിന് ഉപയോഗിക്കുന്ന വാളാണ്. [37]ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്ന "പെസ്റ്റിലെൻസ്" എന്നതിന് "മരണം" എന്ന അർത്ഥമാണുള്ളത് (കെജെവി നോക്കുക). അസംഖ്യം ആളുകളുടെ മരണത്തിനിരയാകുന്ന ബാധക്കാണ് പണ്ട് "മരണം" എന്നതു ഉപയോഗിച്ചിരിക്കുന്നത്: ബ്ലാക്ക് ഡെത്ത് (കഴലവീക്കം). റെഡ് ഡെത്ത് (വസൂരി). വൈറ്റ് ഡെത്ത് (ക്ഷയം). "മരണം" "കൊല്ലപ്പെടും" എന്ന വാക്കുകൾ വാക്യം 8-ൽ മാറി മാറി ഉപയോഗിച്ചതുകൊണ്ട്, വിവിധ ബാധയാലുള്ള മരണമാണ് ഉദ്ദേശിക്കുന്നത്. [38]ബൈബിൾ കാലത്ത്, പട്ടണങ്ങൾ നശിപ്പിക്കപ്പെടുമ്പോൾ, വന്യമൃഗങ്ങൾ പൊതുവിൽ ആ പ്രദേശങ്ങൾ കയ്യടക്കും (യിരെമ്യാവ് 9:11; 10:22; 49:33; 50:39). [39]നാം കാണുവാൻ പോകുന്നതുപോലെ, ഏഴ്-കാഹളങ്ങൾ, ഏഴ്-കലശങ്ങൾ മുഖാന്തരം അതേ വിപത്തുക്കൾ, റോമിനെ പിന്നീട് നശിപ്പിക്കുമെന്ന് മുന്നറിയിരക്കുവാൻ ഉപയോഗിച്ചിട്ടുണ്ട്. [40]"നാല്" പ്രപഞ്ചസംബന്ധിയായ സംഖ്യ, മനുഷ്യന്റെ സംഖ്യയാണെന്ന് ഓർക്കുക. *(വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "ഇതാ സർപ്പം ഇവിടെ" എന്ന പാഠത്തിലെ "നാല്" എന്ന സംഖ്യയുടെ ആലങ്കാരിക അർത്ഥം ചർച്ച ചെയ്തിരിക്കുന്നത് നോക്കുക.) നാല് കുതിരക്കാർ ഏതാണ്ട് എല്ലാ മനുഷ്യരെയും ബാധിക്കും.

[41]"കൊല്ലപ്പെടുക" എന്ന 6:4-ൽ പറഞ്ഞിരിക്കുന്ന വാക്ക് തന്നെയാണ് 5:6, 9, 12 ലെ യേശുവിന്റെ മരണത്തെ കുറിച്ചു പറയുമ്പോഴും, 6:9-ൽ രക്തസാക്ഷികളായി മരിച്ചവരെ കുറിച്ചു പറയുമ്പോഴും ഉപയോഗിച്ചിരിക്കുന്നത്, 6:4-ൽ പ്രത്യേകിച്ചും. [42]എഫേർഡ്, 71. [43]ഗ്രഹാം, viii. [44]എൽരോഡ് എക്കോൾസ്, *ഹാവിന്റ് യു ഹേർഡ്? ദേർ ഈസ് ഏ വാർ ഗോയിങ്ങ് ഓൺ! അൺലോക്കിങ്ങ് ദ കോഡ് ടു റെവെലേഷൻ* (ഫോർട്ട്വർത്ത്, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ്, 1995), 72. [45]സാമ്പത്തിക ക്ലേശത്തെ തുടർന്ന് യുദ്ധവും, യുദ്ധത്തെ തുടർന്ന് സാമ്രാജ്യവും, അങ്ങനെ പോകുന്നു കാര്യങ്ങൾ. [46]ഈ പുസ്തകത്തിന്റെ അവസാനം നാല് കുതിരക്കാരെ സംയോജിപ്പിച്ച് ബ്രയൻ വാറ്റ്സ് വരച്ചിരിക്കുന്നത് നോക്കുക. [47]ഏൾ പി.പാമർ, *1, 2, 3 ജോൺ & റെവെലേഷൻ, ദ കമ്മൂണിക്കേറ്റേഴ്സ് കമെന്ററി സീരീസ്, വാല്യം,* 12 (ഡള്ളാസ്: വേർഡ് പബ്ലിഷിങ്ങ്, 1982), 177. [48]"ഭൂമിയുടെ കാലാംശം" എന്നത് അസംഖ്യം ആളുകളെയാണ് സൂചിപ്പിക്കുന്നത്, എന്നാൽ നാം പറയുന്നത് മരണമാണെന്ന് ഓർക്കുക.

*എല്ലാവരും*, തീർച്ചയായും മരിക്കും. തീർച്ചയായും വെളിപ്പാടിലെ ആലങ്കാരിക പ്രയോഗമനുസരിച്ച്, "കാലാംശം" എന്നതു "എല്ലാവരുമല്ല" താനും. (*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "ഇതാ, സർപ്പം ഇവിടെ" എന്ന പാഠത്തിൽ "നാലാമത്തെ" എന്നത് ചർച്ച ചെയ്തിരിക്കുന്നത് നോക്കുക.) [49]ഈ പാഠം പ്രസംഗത്തിനായി ഉപയോഗിക്കുകയാണെങ്കിൽ, നിങ്ങളുടെ സദസ്യർ അവരുടെ വിശ്വാസം അനുസരിക്കുന്നതിനായി പ്രോൽസാഹിപ്പിക്കുക (മത്തായി 7:21; മർക്കൊസ് 16:16; ലൂക്കൊസ് 6:46; പ്രവൃത്തികൾ 2:38).

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ


1. വർത്തമാന പത്രങ്ങളിലോ മാസികകളിലോ നിങ്ങൾ "അപോകാലിപ്സ്," "ആയിരാമാണ്ട്," അല്ലെങ്കിൽ "നാല് കുതിരക്കാർ" എന്നീ വാക്കുകൾ നിങ്ങൾ വായിച്ചിട്ടുണ്ടോ? പ്രസുകൾ ആ വാക്ക് ശരിയാ യിട്ടാണോ ഉപയോഗിക്കുന്നത്?
2. സെഖര്യാവ് 1 ലും 6 ലും ഉള്ള കുതിരകളും വെളിപ്പാട് 6:1–8 ലും ഉള്ള കുതിരകളും തമ്മിൽ താരതമ്യം ചെയ്യുക. ഏതെല്ലാം രീതികളിലാണ് അവക്ക് യോജിപ്പുള്ളത്? എതെല്ലാം രീതികളിലാണ് വ്യത്യാസമുള്ളത്?
3. ഒന്നാമത്തെ കുതിരക്കാരൻ ഏത് വിധത്തിലാണ് പർത്ഥരുടെ കുതിരക്കാരെ പോലെയിരിക്കുന്നത്? (വെളിപ്പാട്, 1 എന്ന പുസ്തകത്തിലെ "റോമിന്റെ എതിരാളി: പർത്ഥർ" എന്നത് നോക്കുക.)
4. വെള്ളക്കുതിരപ്പുറത്തിരിക്കുന്നത് ക്രിസ്തുവാണെന്നതിന് അനുകൂലമായ വാദവും പ്രതികൂലമായ വാദവും നിരത്തുക.
5. "സാമ്രാജ്യത്വം" എന്ന വാക്ക് കൊണ്ട് ലേഖകൻ അർത്ഥമാക്കിയത് എന്ത്?
6. ചുവന്ന കുതിരയുംഅതിലിരിക്കുന്നവനും എന്തർത്ഥമാക്കുന്നു?
7. കറുത്ത കുതിരയും അതിലിരിക്കുന്നവനും എന്ത് സൂചിപ്പിക്കുന്നു?
8. "ഒരു പണം" എന്നാലെന്ത്? "ഒരു പണത്തിന് ഒരിടങ്ങഴി കോതമ്പും ഒരു പണത്തിന് മൂന്നിടങ്ങഴി യവവും" എന്താണ് സൂചിപ്പിക്കുന്നത്?
9. ഇവിടെ പറഞ്ഞ ക്ഷാമം നിങ്ങൾക്ക് അനുവപ്പെട്ടിട്ടുണ്ടോ? മറ്റാർക്കെങ്കിലും അനുഭവപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ പറയുക.
10. മഞ്ഞുനിറമുള്ള കുതിരയും അതിലിരിക്കുന്നവനും എന്താണ് സൂചിപ്പിക്കുന്നത്?
11. മരണവും പാതാളവും എങ്ങനെ ഒത്തിരിക്കുന്നു?
12. മരണത്തെയും പാതാളത്തെയും കൊണ്ടുവരുന്ന നാല് ഏജൻസികളെ വിവരിക്കുക.
13. യെഹെസ്ക്കേൽ 14:21 എടുത്തുകൊണ്ട് ദൈവം "യെരുശലേമിനെ നാല് വിധത്തിൽ കഠിനമായി ശിക്ഷിച്ചത്" വിവരിക്കുക.
14. പാഠമനുസരിച്ച്, നാല് കുതിരക്കാരുടെ ദർശനത്തിന്റെ ഊന്നൽ എന്താണ്?
15. പാഠമനുസരിച്ച്, ദൈവം എന്തിനാണ് ഭയാനകമായ രീതിയിൽ മുദ്രകൾ പൊട്ടിച്ചത്? മറ്റു സാധ്യതയുള്ള കാരണങ്ങൾ നിങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുന്നുണ്ടോ?

## അപോകാലിപ്സിലെ നാല് കുതിരക്കാർ

| | | |
|---|---|---|
| പാപിയായ മനുഷ്യൻ | (1) വിജയം – മനുഷ്യന്റെ അത്യാഗ്രഹത്തിന്റെ, സാമ്രാജ്യത്തിലുള്ളതുപോലെ (സ്പഷ്ടമായി, മറ്റുള്ളവരുടെമേൽ, പ്രത്യേകിച്ച് ക്രിസ്ത്യാനികളുടെ മേൽ).<br>(2) കുഴപ്പം – യുദ്ധത്തിൽ സംഭവിക്കുന്നതുപോലെ, നിരപരാധികൾ പലരും കൊല്ലപ്പെടും (പ്രത്യേകിച്ച് ക്രിസ്ത്യാനികൾ).<br>(3) പരീക്ഷണം – സാമ്പത്തിക ക്ലേശം കൊല്ലപ്പെടാത്തവരുടേത് (പ്രത്യേകിച്ച് ക്രിസ്ത്യാനികൾ). | ക്രിസ്ത്യാനികൾക്ക് ഇരട്ടി പങ്ക് ലഭിക്കുന്നു |
| പാപമുള്ള ലോകത്തിൽ | (4) അനർത്ഥം – ലോകം മുഴുവൻ നേരിടുന്നത്, ഉച്ചസ്ഥായിയിലെത്തുന്നത് പല അസ്വാഭാവികതയാൽ മരണം സംഭവിക്കുമ്പോഴാണ് (ക്രിസ്ത്യാനികളും അക്രൈസ്തവരും ഉൾപ്പെടും). | |



ഒന്നാം കുതിരക്കാരൻ (6:1, 2)



രണ്ടാം കുതിരക്കാരൻ (6:3, 4)



മൂന്നാം കുതിരക്കാരൻ (6:5)



നാലാം കുതിരക്കാരൻ (6:7, 8)